ഉത്തരം

(എ) കേരളാ സ്റ്റേറ്റ് ഫിലിം ഡെവലപ്പ്മെന്റ് കോർപ്പറേഷനിലെ മാനേജിംഗ് ഡയറക്ടറാണ് നിയമനം നടത്തുന്നത്.

(ബി) ഇതിനായി അപ്പപ്പോൾ നിയോഗിക്കുന്ന സെലക്ഷൻ കമ്മിറ്റി.

(സി) അപ്പപ്പോൾ ഉണ്ടാകുന്ന ഒഴിവുകളിലേക്ക് പത്രങ്ങളിൽ പരസ്യപ്പെടുത്തിയോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ ഉദ്യോഗാർത്ഥികളെ ഇന്റർവ്യൂ നടത്തി തെരഞ്ഞെടുത്തു നിയമനം നടത്തിവരുന്നു. റിക്രൂട്ട്മെന്റ് റൂൾസ് അംഗീകരിക്കുന്നതുവരെ ഈ നടപടിക്രമം തുടരുന്നതും അതിനുശേഷം അടിസ്ഥാന ശമ്പളം 700 രൂപക്ക് (ശമ്പള പരിഷ്ക്കരണത്തിനുമുമ്പുള്ള) താഴെയുള്ള തസ്തികകളിലേക്ക് പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നിയമനം നടത്തുന്നതുമാണ്.

(ഡി) ഉണ്ട്.

(ഇ) വിവിധ തസ്തികകളിലായി 79 പേരെ നിയമിച്ചിട്ടുണ്ട്.

(എഫ്) ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ജി) ഉണ്ട്.

(എച്ച്) ഒന്ന്.

(ഐ) ഇല്ല.

(ജെ) ഇല്ല.

(കെ) ഒന്ന്.

(എൽ) പി.എസ്.സി.ക്ക് വിട്ടുകൊടുത്തിട്ടുണ്ട്.

(എം) പോദ്യം ഉദിക്കുന്നില്ല.

ചിത്രാഞ്ജലി സ്റ്റുഡിയോയിൽ നിർമ്മിച്ചിട്ടുള്ള ഫീച്ചർ ഫിലിമുകൾ

422. [533] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 30-9-1986 വരെ ചിത്രാഞ്ജലി സ്റ്റുഡിയോയിൽ എത്ര ഫീച്ചർ ഫിലും നിർമ്മിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ചിത്രാഞ്ജലി സ്റ്റുഡിയോ ലാഭകരമായിട്ടാണോ നടത്തുന്നത് ;

(സി) ലാഭമാണെങ്കിൽ എത്ര ?

(ഡി) നഷ്ടമാണെങ്കിൽ ഇന്നുവരെയുള്ള നഷ്ടം എത്രയാണെന്നു പറയാമോ ;

ഉത്തരം

(എ) ചിത്രാഞ്ജലി സ്റ്റുഡിയോയിലെ മുഴുവൻ സൗകര്യങ്ങളും ഉപയോഗിച്ച് 70 കഥാചിത്രങ്ങളും 30-9-1986 വരെ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ അവിടത്തെ സൗകര്യങ്ങളും ഭാഗികമായി ഉപയോഗിച്ച് 200 കഥാചിത്രങ്ങളും നിർമ്മിച്ചിട്ടുണ്ട്. ഏതാനും ചിത്രങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ നടന്നുവരുന്നു.

† അനുബന്ധം IX

LIBRARY ARCHIVES Kerala Legislative Assembly

(ബി, സി, ഡി) ചിത്രാഞ്ജലി സ്റ്റുഡിയോയുടേതു മാത്രമായി ലാഭനഷ്ട കണക്കുകൾ സൂക്ഷിക്കാറില്ല. ലാഭനഷ്ട കണക്കുകൾ കോർപ്പറേഷനോടൊപ്പമായിട്ടാണ് കണക്കാക്കുന്നത്. 1984-85-ലെ ആഡിറ്റ് ചെയ്ത കണക്കുകൾ അനുസരിച്ച് അതുവരെയുള്ള നഷ്ടം 3.27 കോടി രൂപയാണ്.

അയിത്തത്തിന്റെ പേരിൽ ചാർജ് ചെയ്തിട്ടുള്ള കേസ്സുകൾ

423. [534] ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :
,, എം. വി. എ. ഇസ്ഹാക്ക് കുരിക്കൾ :
,, ഇ. ടി. മുഹമ്മദ് ബഷീർ :
,, കെ. വി. എ. മജീദ് :
,, പി. വി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അയിത്തത്തിന്റെ പേരിൽ സംസ്ഥാനത്ത് എതെങ്കിലും കേസ് ചാർജ് ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര കേസ്സുകൾ ;

(സി) എവിടെയെല്ലാം ?

ഉത്തരം

(എ) ഉണ്ട്.
(ബി) 41.
(സി)

കോട്ടയം ജില്ല	—	6
മലപ്പുറം ജില്ല	—	2
പാലക്കാട് ജില്ല	—	6
കോഴിക്കോട് ജില്ല	—	2
വയനാട് ജില്ല	—	3
കാസർഗോഡ് ജില്ല	—	22
		41

അയിത്താചരണം

424. [535] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അയിത്താചരണം ചൂണ്ടിക്കാട്ടി ആരുടെയെങ്കിലും പേരിൽ കേസ് രെടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, ആകെ ഉന്നയിച്ചിട്ടുള്ള കേസ്സുകൾ എത്ര ;

(സി) ആരുടെയൊക്കെ പേരിലാണ് കേസ് രെടുത്തിട്ടുള്ളത് ?

ഉത്തരം

(എ) ഉണ്ട്.
(ബി) 49 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.
(സി) വിശദവിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly